# അക്കാദമിക
# മാസ്റ്റർ പ്ലാൻ

**എം.സി.സി.എൽ.പി.സ്കൂൾ**

**കോഴിക്കോട്**

## ഉള്ളടക്കം


1. ആമുഖം
2. വിദ്യാലയ ചരിത്രം
3. കാഴ്ച്ചപ്പാട്
4. അക്കാദമിക പ്രവർത്തനങ്ങൾ
5. അക്കാദമിക മാസ്റ്റർ പ്ലാൻ (മലയാളം) ഫോർമാറ്റ് - 1, 2
6. അക്കാദമിക മാസ്റ്റർ പ്ലാൻ (ഗണിതം) ഫോർമാറ്റ് - 1, 2
7. അക്കാദമിക മാസ്റ്റർ പ്ലാൻ (പരിസരപഠനം) ഫോർമാറ്റ് - 1, 2
8. അക്കാദമിക മാസ്റ്റർ പ്ലാൻ (ഇംഗ്ലീഷ്) ഫോർമാറ്റ് - 1, 2
9. അക്കാദമിക മാസ്റ്റർ പ്ലാൻ (കായികം) ഫോർമാറ്റ് - 1, 2

**ആമുഖം :**

കോഴിക്കോട് കണ്ണൂർ റോഡിലാണ് എം.സി.സി.എൽ.പി.സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഇന്നിവിടെ 1 മുതൽ 4 വരെ ക്ലാസുകളിലായി 80 ഓളം വിദ്യാർത്ഥികളും 5 അധ്യാപകരുമാണുള്ളത്. അക്കാദമികമായി മികവ് പുലർത്തുന്ന വിദ്യാലയമാണിത്. വായന, ലേഖനം, ചതുഷ്ക്രിയകൾ എന്നിവ ഉറപ്പിക്കുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നു. ഓരോ കുട്ടിയുടേയും വ്യക്തിത്വവികസനത്തിലും ആരോഗ്യ ശുചിത്വ പരിപാലനത്തിലും സർഗ്ഗാത്മകത വികസിപ്പിക്കുന്നതിലും പരിശീലനങ്ങൾ നടത്തി വരുന്നു. കഴിഞ്ഞ വർഷത്തെ എൽ.എസ്.എസ് സ്കോളർഷിപ്പ് പരീക്ഷയിൽ ഉയർന്ന മാർക്കോടെ വിജയം കൈവരിച്ചത് ഞങ്ങളുടെ നേട്ടങ്ങളിൽ ഒന്നാണ്.

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത, സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ അഭാവം, ഇംഗ്ലീഷ് മീഡിയം ഡിവിഷൻ ഇല്ലാത്ത അവസ്ഥ, സ്കൂളിന് സ്വന്തമായി വാഹനം ഇല്ലാത്തത്, അടുക്കള നവീകരണം, സ്റ്റോർ റൂം നിർമ്മാണം എന്നിവയ്ക്കുള്ള ഫണ്ട് ലഭിക്കുന്നതിന് അപേക്ഷ വർഷാവർഷം സമർപ്പിക്കുന്നുണ്ടെങ്കിലും ആയത് ഇതുവരെ ലഭിക്കാത്തതും സ്കൂളിന്റെ പരിമിതികളാണ്.

**അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കൽ**

സ്കൂൾ എസ്.ആർ.ജി ചേർന്ന് ഓരോ വിഷയത്തിലും ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങൾ ആലോചിച്ച് ക്രമപ്പെടുത്തി PTA, SSG, MSG യോഗം ചേർന്ന് പദ്ധതി രൂപരേഖ ചർച്ചയും അക്കാദമിക പദ്ധതികളെക്കുറിച്ച് പൊതുധാരണകൾ രൂപീകരിക്കുകയും ചെയ്തു. കരടു രൂപരേഖ തയ്യാറാക്കി. പൊതു അവതരണവും നിർദ്ദേശങ്ങളും കൂട്ടിച്ചേർത്ത് അന്തിമരൂപം നൽകി. അന്തിമ അക്കാദമിക് മാസ്റ്റർ പ്ലാൻ ഡി.റ്റി.പി ചെയ്ത് തയ്യാറാക്കി. വിദ്യാലയ വികസന സമിതി മുമ്പാകെ പൊതുജന സമക്ഷം പദ്ധതി സമർപ്പിക്കുന്നു.

**അക്കാദമികം**

സ്കൂളിൽ 20% കുട്ടികൾക്ക് സ്വതന്ത്ര്യ രചനകൾ നടത്താൻ കഴിയുന്നില്ല. നിലവിലെ പാഠ്യപദ്ധതിയിലെ പ്രവർത്തനങ്ങളുടെ ബാഹുല്യം മൂലം കുട്ടികളിൽ പഠനനേട്ടങ്ങൾ ഉറപ്പിക്കാൻ കഴിയാതെ വരുന്നുണ്ട്. പല പ്രവർത്തനങ്ങളും കുട്ടികളുടെ നിലവാരത്തിന് യോജിച്ചത് അല്ലാത്തതിനാൽ ഉദ്ദേശിച്ച ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കുന്നില്ല. ഒന്നാം ക്ലാസ്സിൽ ക്രമമില്ലാത്ത നിരവധി അക്ഷരങ്ങൾ ഒരേ പാഠത്തിൽ പഠിപ്പിക്കേണ്ടി വരുന്നതും കുട്ടികളിൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നു.

**ഭൗതിക സാഹചര്യം**

നിലവിൽ ഹൈടെക് ക്ലാസ്സ് റൂമുകൾ, കാപ്യൂട്ടർ ലാബ്, ലൈബ്രറി എന്നിവയുടെ അഭാവം, ഫർണിച്ചർ തുടങ്ങിയ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ അഭാവം ഉണ്ട്. ശാരീരികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അനുയോജ്യമായ ശുചിമുറി നിലവിൽ ഇല്ല. അടുക്കള സജ്ജീകരിച്ചിട്ടുണ്ടെങ്കിലും സ്ഥലം അപര്യാപ്തമാണ്. ഭക്ഷണശാല സൗകര്യം നിലവിൽ ഇല്ല. ഇവയെല്ലാമാണ് പരിമിതികൾ.

# വിദ്യാലയ ചരിത്രം

**മലബാർ ക്രിസ്ത്യൻ കോളേജ് എൽ.പി.സ്കൂൾ**
**കോഴിക്കോട്**

കോഴിക്കോട് നഗരത്തിലെ പുരാതനമായ വിദ്യാലയങ്ങളിൽ ഒന്നാണ് എം.സി.സി.എൽ.പി.സ്കൂൾ. വർഗ്ഗവർണ്ണ വിവേചനമില്ലാതെ മലബാർ പ്രദേശത്തെ ജനങ്ങളുടെ വിദ്യാഭ്യാസത്തിനായി ജർമ്മൻകാരായ ബാസൽ ഇവാഞ്ചലിക്കൽ മിഷനറിമാർ 1842-ൽ സ്ഥാപിച്ചതാണ് ഈ വിദ്യാലയം. പിന്നീട് ചർച്ച് ഓഫ് സൗത്ത് ഇന്ത്യയുടെ അധികാര പരിധിയിൽ വരുകയും 1960-ൽ മലബാർ ക്രിസ്ത്യൻ കോളേജ് ഹൈസ്കൂളിൽ നിന്നും വേർപ്പെട്ട് ഈ വിദ്യാലയം സ്വതന്ത്ര എൽ.പി.സ്കൂളായി മാറ്റപ്പെടുകയും ചെയ്തു.

കോഴിക്കോട് പൗരാവലിയിലെ സമുന്നതരായ ഡോക്ടർമാർ, രാഷ്ട്രീയ പ്രമുഖർ, ജഡ്ജിമാർ, കലക്ടർ, വ്യവസായ പ്രമുഖകർ തുടങ്ങിയ വ്യക്തിത്വങ്ങളെ സംഭാവന ചെയ്തതിൽ ഈ വിദ്യാലയം വഹിച്ച പങ്ക് നിസ്തുലമാണ്.

ശ്രീമതി ലിൻഡാ ജാസ്മിൻ ആണ് ഇപ്പോഴത്തെ പ്രധാനാധ്യാപിക. 6 അധ്യാപകരാണ് വിദ്യാലയത്തിൽ ഇപ്പോൾ ഉള്ളത്.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതാത് ക്ലാസ്സിൽ നേടേണ്ട പഠന നേട്ടങ്ങൾ കൈവരിച്ചുവെന്ന ഉറപ്പു വരുത്തുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പ്രോത്സാഹിപ്പിക്കുക.
- സവിശേഷ കഴിവുള്ള കുട്ടികളുടെ പഠനാവശ്യങ്ങൾ പ്രത്യേകം പരിഗണിക്കും.

## കാഴ്ച്ചപ്പാട്

1. മാതൃഭാഷ എല്ലാ കുട്ടികളും വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പ് വരുത്തുക.
2. നാലാം ക്ലാസ്സിലെ 3 കുട്ടികൾക്കെങ്കിലും എൽ.എസ്.എസ് ഉറപ്പു വരുത്തുന്നു.
3. വിഷരഹിത പച്ചക്കറി വീട്ടിലും വിദ്യാലയത്തിലും .
4. കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുന്നതിനുള്ള ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു.
5. ഭാഷാശേഷി വികസനത്തിന് ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.
6. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുന്നു.
7. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം നൽകുന്നു.
8. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു.
9. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
10. കുട്ടികൾക്ക് നിർഭയമായും സ്വതന്ത്രമായും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള അവസരം ഒരുക്കുന്നു.
11. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റെല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന ഉറപ്പാക്കുന്നു.

## അക്കാദമിക പ്രവർത്തനങ്ങൾ

- വായനക്കൂട്ടം
- വായന മൂല
- മലയാളത്തിളക്കം
- അക്ഷരം ഉറപ്പിക്കൽ
- ഭിന്നശേഷിക്കാരെ പരിഗണിക്കൽ
- വായനാക്കുറിപ്പ്
- വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം
- ശ്രദ്ധ
- ക്ലാസ്സ് / സ്കൂൾ ബാലസഭ
- ശിൽപ്പശാലകൾ
- അഭിമുഖം
- ദിനാചരണങ്ങൾ
- പ്രകൃതിനടത്തം
- ലാബ് നവീകരണം
- ആധുനിക സാങ്കേതിക സാധ്യതകൾ
- മെട്രിക് മേള
- ഗണിത കിറ്റ് നിർമ്മാണം
- വർക്ക് ഷീറ്റുകൾ
- റോൾ പ്ലേ
- സ്കിറ്റ്
- കായികമേള
- ബിഗ് ബുക്ക്, പ്രദർശനങ്ങൾ
- മാസികകൾ, പഠനയാത്രകൾ, വാർഷികാഘോഷം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഫോർമാറ്റ് - I

| | |
|---|---|
| വിഷയം | : മലയാളം |
| മേഖല | : അക്കാദമികം |
| പ്രശ്നം | : വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും സ്വതന്ത്ര രചനയിലേക്ക് എത്തുന്നില്ല. |
| കാഴ്ച്ചപ്പാട് | : കൂടുതൽ ഉയർന്ന തലത്തിൽ വിനിമയശേഷിയും സർഗ്ഗാത്മകതയും പ്രയോഗശേഷിയും വികസിക്കുന്നതിന് ഉള്ള അവസരങ്ങൾ ഒരുക്കുക. |
| ലക്ഷ്യം | : എല്ലാ കുട്ടികളെയും സ്വതന്ത്ര രചനയിലേക്ക് എത്തിക്കുക. |
| അവസ്ഥാപഠനം | : ചില കുട്ടികൾക്ക് സ്വന്തം ഭാഷയിൽ ഉചിതമായ രീതിയിൽ രചന തയ്യാറാക്കി അവതരിപ്പിക്കുന്നതിൽ പ്രയാസം നേരിടുന്നു. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## പ്രശ്ന വിശകലനം

### ഫോർമാറ്റ് - I

മേഖല : അക്കാദമികം

വിഷയം : മലയാളം

പ്രശ്നം : വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും സ്വതന്ത്ര രചനയിലേക്ക് എത്തുന്നില്ല.

| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പ്രവർത്തനം |
|---|---|---|
| **കുട്ടി** : അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറയ്ക്കാത്തതിലുള്ള പ്രയാസങ്ങൾ സ്വതന്ത്രരചനയിൽ താൽപ്പര്യമില്ലാത്ത അവസ്ഥ. | ലളിതമായ പ്രവർത്തനങ്ങളിലൂടെ സ്വതന്ത്ര രചന ഉറപ്പാക്കുക. | ആഭരണം അണിയിക്കൽ |
| **ടീച്ചർ** : അക്ഷരം, ചിഹ്നം എന്നിവ ഉറക്കാത്തതിനാൽ തുടർ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നു. പ്രവർത്തനങ്ങളുടെ ബാഹുല്യം. | ക്ലാസ്സിൽ എഴുത്തുകൂട്ടം തയ്യാറാക്കാം. രചനയ്ക്ക് അവസരങ്ങൾ ഒരുക്കുക. | എഴുത്തുകൂട്ടം ലൈബ്രറി നവീകരണം |
| **രക്ഷിതാവ്** : സമയക്കുറവ്, രചനയിൽ സഹായിക്കുന്നതിനുള്ള ബുദ്ധിമുട്ട് | ശിൽപ്പശാല സംഘടിപ്പിക്കുക | ശിൽപ്പശാല |
| **സംവിധാനം** : 1, 2 ക്ലാസ്സിലെ പാഠക്രമീകരണത്തിലെ അപാകത. പ്രവർത്തന ബാഹുല്യം | പാഠപുസ്തക പരിഷ്ക്കരണം | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## പ്രശ്ന വിശകലനം

### ഫോർമാറ്റ് - II

മേഖല : അക്കാദമികം

വിഷയം : മലയാളം

പ്രശ്നം : വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും സ്വതന്ത്ര രചനയിലേക്ക് എത്തുന്നില്ല.

| ഉപ പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രീ ടെസ്റ്റ് | ക്ലാസ് ടീച്ചർ | ജൂൺ ആദ്യം | - | - |
| അക്ഷരം ഉറപ്പിക്കൽ | Tr | ജൂൺ - മാർച്ച് | - | MPTA പൂർവ്വ വിദ്യാർത്ഥികൾ |
| വാക്കുകൾ നിർമ്മാണം | Tr | ജൂൺ - മാർച്ച് | - | |
| വാക്യങ്ങൾ നിർമ്മാണം | Tr | ജൂൺ - മാർച്ച് | | |
| അടിക്കുറിപ്പ് തയ്യാറാക്കൽ | കുട്ടികൾ | ജൂൺ - മാർച്ച് | | |
| ചിത്രം നോക്കി കഥ എഴുതൽ | കുട്ടികൾ | ജൂൺ - മാർച്ച് | | |
| കഥാപൂരാണം | കുട്ടികൾ | ജൂൺ - മാർച്ച് | | |
| എഴുത്തുകൂട്ടം രൂപീകരണം | Tr | ജൂൺ മാസം | | URC |
| ക്ലാസ് ലൈബ്രറി നവീകരണം | Tr | ജൂൺ മാസം | 1000/- | സന്നദ്ധ സംഘടന, പൂർവ്വ വിദ്യാർത്ഥികൾ |
| വായനാക്കുറിപ്പ് തയ്യാറാക്കൽ<br>മാഗസിൻ തയ്യാറാക്കൽ | കുട്ടികൾ | ജൂൺ - മാർച്ച് | 1000/- | PTA MPTA |

മേഖല : അക്കാദമികം

വിഷയം : മലയാളം

പ്രശ്നം : വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും സ്വതന്ത്ര വായനയിലേക്ക് എത്തുന്നില്ല.

കാഴ്ച്ചപ്പാട് : ജന്മസിദ്ധമായ ഭാഷാശേഷി വികസിപ്പിച്ച് തന്റെയും സമൂഹത്തിന്റെയും ഉന്നമനത്തിന് ശക്തമായ ഉപകരണമായി ഭാഷ ഉപയോഗിക്കാൻ കുട്ടിയെ പ്രാപ്തരാക്കുക.

ലക്ഷ്യം : എല്ലാവരേയും സ്വതന്ത്ര വായനക്കാരാക്കുക.

അവസ്ഥാപഠനം : സ്കൂളിലെ 20% കുട്ടികൾക്ക് ഉച്ചാരണശുദ്ധി, ഒഴുക്ക്, ആവശ്യമായ ഭാവവ്യതിയാനം എന്നിവയോടെ വായിക്കുവാൻ കഴിയുന്നില്ല.

## പ്രശ്നവിശകലനം

**ഫോർമാറ്റ് - 2**

മേഖല : അക്കാദമികം

പ്രവർത്തനം : സ്വതന്ത്ര വായന

ലക്ഷ്യം : എല്ലാവരേയും സ്വതന്ത്ര വായനക്കാരാക്കുക.

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രീ ടെസ്റ്റ് | ക്ലാസ്സ് ടീച്ചർ | ജൂൺ ആദ്യ വാരം | - | - |
| വായനാക്കൂട്ടം | ടീച്ചർ | | | |
| • ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ | ക്ലാസ് Tr | ജൂൺ -മാർച്ച് | | U R C സന്നദ്ധ സംഘടനകൾ |
| • ക്ലാസ്സ് വായനമൂല ഒരുക്കൽ | ക്ലാസ് Tr | ജൂൺ -മാർച്ച് | | MPTA പൂർവ്വ വിദ്യാർത്ഥി |
| • ലൈബ്രറി നവീകരിക്കൽ | ടീച്ചർമാർ | ജൂൺ -മാർച്ച് | | SMG |
| • വായനോത്സവം | ടീച്ചർമാർ | ഒക്ടോബർ | 500/- | MPTA |
| • പത്രവായന | | | | |
| • വായനക്കാർഡ് തയ്യാറാക്കൽ | ക്ലാസ് Tr കുട്ടികൾ | വർഷം മുഴുവൻ | 1000/- | |
| • വായനാനുഭവം പങ്ക് വെയ്ക്കൽ | കുട്ടികൾ | ജൂൺ-മാർച്ച് | - | |
| • വായനക്കുറിപ്പ് തയ്യാറാക്കൽ | കുട്ടികൾ | ജൂൺ-മാർച്ച് | - | |
| • ബാലസഭ | | ജൂൺ-മാർച്ച് | - | |
| • വിദ്യാരംഗം സാഹിത്യവേദി | | ജൂൺ-മാർച്ച് | 500/- | പി.ടി.എ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## പ്രശ്ന വിശകലനം
### ഫോർമാറ്റ് - I

**മേഖല** : അക്കാദമികം

**വിഷയം** : മലയാളം

**പ്രശ്നം** : വിദ്യാലയത്തിലെ മുഴുവൻ കുട്ടികളും സ്വതന്ത്ര രചനയിലേക്ക് എത്തുന്നില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
|---|---|---|
| **കുട്ടി:**<br>അക്ഷരം ഉറയ്ക്കാത്തതിനാൽ കുട്ടി വായിക്കാനുള്ള ബുദ്ധിമുട്ട്. വായനയിൽ താൽപ്പര്യമില്ലായ്മ | കൂടുതൽ മികച്ച പ്രവർത്തനങ്ങളിലൂടെ അക്ഷരം, ചിഹ്നം ഉറപ്പിക്കുക. രസകരമായ വായനാസാമഗ്രികൾ ഒരുക്കുക. | അക്ഷര കാർഡ് ചിഹ്നം ചേർക്കൽ, കഥാ വായിക്കൽ, പത്രവായന. |
| **ടീച്ചർ:**<br>കുട്ടിക്ക് വായനയിൽ ഉള്ള ബുദ്ധിമുട്ട് തുടർപ്രവർത്തനങ്ങൾക്കുള്ള പ്രയാസം | കൂടുതൽ വായനാ സാമഗ്രികൾ ഒരുക്കുക | ക്ലാസ്സ് റൂം വായനക്കൂട്ടം. വായന മൂല ക്ലാസ്സ് ലൈബ്രറി |
| **രക്ഷിതാവ്:**<br>വായനയിൽ ഉള്ള ബുദ്ധിമുട്ട്, സമയക്കുറവ് | ബോധവത്ക്കരണ ക്ലാസുകൾ | അമ്മ വായന ഗ്രന്ഥശാലാ അംഗത്വം എടുപ്പിക്കൽ. പത്രവായന. |
| **സംവിധാനം :**<br>1, 2 ക്ലാസ്സുകളിലെ പാഠ ക്രമീകരണങ്ങളിലെ അപാകത. പ്രവർത്തന ബാഹുല്യം | പാഠ പുസ്തക പരിഷ്ക്കരണം | |

മേഖല : കായികം

കാഴ്ച്ചപ്പാട് : കുട്ടികളിൽ ആരോഗ്യമുള്ള മനസ്സും ശരീരവും പാകപ്പെടുത്തിയെടുക്കുക.

ലക്ഷ്യം : കളികളിൽ താൽപ്പര്യമുണർത്തുന്നതിനും കായികക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന്.

അവസ്ഥാപഠനം : കുട്ടികളിൽ പ്രതിരോധശേഷി കുറവും അമിതവണ്ണവും കണ്ടുവരുന്നു. കായികക്ഷമത ഉറപ്പാക്കുന്ന പ്രവർത്തനങ്ങളും സാഹചര്യങ്ങളും കുറവ്. വീഡിയോ ഗെയിമുകളിൽ താൽപര്യം കണ്ടുവരുന്നു.

## അക്കാദമിക മാസ്റ്റർ പ്ലാൻ

## പ്രശ്ന വിശകലനം ഫോർമാറ്റ് – I

| മേഖല : അക്കാദമികം | വിഷയം : കായികം | |
|---|---|---|
| പ്രശ്നം : കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പാക്കുന്ന പ്രവർത്തനങ്ങളുടേയും സാഹചര്യങ്ങളുടേയും അപര്യാപ്തത | | |
| **കാരണങ്ങൾ** | **പരിഹാരനിർദ്ദേശം** | **പ്രവർത്തനം** |
| **കുട്ടി:**<br>കായികക്ഷമതയുള്ള കളികളിൽ താൽപ്പര്യക്കുറവ്. വീഡിയോ ഗെയിമിൽ താൽപര്യം കൂടുതൽ | കുട്ടികളിൽ താൽപ്പര്യമുള്ള രീതിയിൽ കായിക ക്ഷമത പ്രവർത്തനങ്ങൾ ഒരുക്കുക. കായിക ഉപകരണങ്ങൾ ലഭ്യമാക്കുക. | നാടൻ കളികൾക്കും കായിക പരിശീലനങ്ങൾക്കും സൗകര്യം ഒരുക്കുക. |
| **ടീച്ചർ:**<br>കായികക്ഷമതയുടെ സമയം മറ്റു പ്രവർത്തനങ്ങൾക്ക് മാറ്റേണ്ടി വരുന്ന അവസ്ഥ. പ്രത്യേക പരിശീലനം നേടിയ അധ്യാപകർ സ്കൂളിൽ ഇല്ലാത്ത അവസ്ഥ. | കായിക അധ്യാപകരെ നിയമിക്കുക. ഓരോ ഇനത്തെക്കുറിച്ചും മാർഗ്ഗ നിർദ്ദേശം തരുക. പി. ടി. പിരീയഡ് അതിനായി വിനിയോഗിക്കുക. | വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തിയുള്ള ക്ലാസ്സുകൾ |
| *വിശകലന കുറിപ്പ്* : കായിക ക്ഷമത ഉറപ്പ് വരുത്തുവാനുള്ള പിരിയേഡ് അതിനായി ഉപയോഗിക്കാൻ ശ്രദ്ധിക്കുകയും കുട്ടികൾക്ക് പലവിധ കളികളിൽ പരിശീലനം നൽകാൻ ശ്രദ്ധിക്കുകയും ചെയ്യുന്നു. | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### പ്രശ്ന വിശകലനം ഫോർമാറ്റ് - II

**മേഖല : അക്കാദമികം**

പ്രവർത്തനം : കായികക്ഷമത ഉറപ്പാക്കുന്നവ

ലക്ഷ്യം : ആരോഗ്യമുള്ള മനസ്സും ശരീരവും രൂപപ്പെടുത്തുന്നതിന്.

| ഉപ പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഓരോ കുട്ടിയുടേയും താൽപ്പര്യമേഖലകൾ കണ്ടെത്തുന്നു. | ക്ലാസ്സ് അധ്യാപകർ | 1 മാസം | | |
| വിവിധ ഇനങ്ങൾ പരിശീലിപ്പിക്കുന്നതിന് കഴിവുള്ള വിദഗ്ദ്ധരുടെ ലിസ്റ്റ് തയ്യാറാക്കൽ | PTA, SSG പൂർവ്വവിദ്യാർത്ഥികൾ | ജൂൺ മുതൽ | | |
| വിദ്യാർത്ഥികളുടെ കായികക്ഷമത പരിശോധിക്കൽ | വിദഗ്ദ്ധർ | 1 മാസം | 500/- | PTA |
| പ്രവർത്തന പദ്ധതി തയ്യാറാക്കൽ | ടീച്ചേർസ്, വിദഗ്ദ്ധർ | 1 ആഴ്ച്ച | | |
| ആവശ്യമായ ഉപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ. സമാഹരിക്കൽ | വിദഗ്ദ്ധർ | 1 മാസം | 2000/- | പൂർവ്വ വിദ്യാർത്ഥി സംഘടന |
| ക്യാമ്പുകൾ | ടീച്ചേർസ്, വിദഗ്ദ്ധർ | ടേമിൽ 1 | 5000 രൂപ | മാനേജ്മെന്റ് |
| സ്കൂൾതല മത്സരങ്ങൾ | ടീച്ചേർസ്, വിദഗ്ദ്ധർ | വർഷത്തിൽ ഒന്ന് | 2000 രൂപ | PTA |
| നാടൻകളി പരിശീലനം | SMC | അവധി ദിനങ്ങൾ | 1000/- | SSG |
| കിഡ്സ് അത്‌ലറ്റിക്സ് | PTA , വിദഗ്ദ്ധർ | വർഷത്തിൽ ഒന്ന് | 2000/ | PTA |

**മേഖല : അക്കാദമികം**

**വിഷയം : ഗണിതം**

**പ്രശ്നം : 1**

പുനഃക്രമീകരണം വരുന്ന സങ്കലനം, വ്യവകലനം.

**കാഴ്ച്ചപ്പാട്**

സങ്കലനവുമായി ബന്ധപ്പെട്ട പഠനനേട്ടങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കൽ. സങ്കലനം ഹൃദിസ്ഥമാക്കുന്നതിലൂടെ കുട്ടികളുടെ നിത്യജീവിതത്തിൽ അനുഭവപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് വളർത്തൽ

**ലക്ഷ്യം**

കുട്ടികളുടെ നിത്യജീവിതത്തിൽ അവർ നേരിടേണ്ടിവരുന്ന പ്രായോഗിക പ്രശ്നങ്ങളെ നിർധാരണം ചെയ്യാൻ പ്രാപ്തരാക്കൽ.

**അവസ്ഥാപഠനം**

പല കുട്ടികൾക്കും സങ്കലനവസ്തുതകൾ അറിയുന്നില്ല. പ്രശ്നങ്ങൾ നിർധാരണം ചെയ്യാൻ താൽപ്പര്യക്കുറവും ഉണ്ട്. രക്ഷിതാക്കൾക്ക് കുട്ടികളെ സഹായിക്കാൻ കഴിയാത്തത് കാരണം ഗൃഹപാഠങ്ങൾ കൃത്യമായി ചെയ്യാൻ കുട്ടികൾക്ക് കഴിയുന്നില്ല.

# അക്കാദമിക് മാസ്റ്റർ പ്ളാൻ

## പ്രശ്ന വിശകലനം ഫോർമാറ്റ് 1

| മേഖല: അക്കാദമികം | വിഷയം: ഗണിതം | |
|---|---|---|
| പ്രശ്നം: 1 പുന ക്രമീകരണം | | |
| **കാരണങ്ങൾ** | **പരിഹാര നിർദ്ദേശം** | **പ്രവർത്തനം** |
| <u>കുട്ടി</u><br>സങ്കലന വസ്തുതകൾ ഹൃദിസ്ഥ മാക്കാത്തത്<br>സ്ഥാന വില, സംഖ്യാ ബോധം ഇവയിലെ അവ്യക്തത | വസ്തു നിഷ്ഠമായ പഠനം സംഖ്യാ കാർഡുകൾ ഉപയോഗപ്പെടുത്തി പഠനം | സംഖ്യാ കാർഡ്<br>അബാക്കസ്<br>ഈർക്കിൽ കെട്ട്<br>ഉപയോഗിക്കൽ |
| <u>ടീച്ചർ</u><br>പ്രവർത്തന ബാഹുല്യം സങ്കലന വസ്തുതകൾ ഉറയ്ക്കാത്തത് | സിലബസ് പരിഷ്കരണം<br>സങ്കലന വസ്തുത കൾ കൂടുതൽ പ്രാധാന്യം നൽകൽ | പ്രായോഗിക പ്രശ്നങ്ങൾ കൂടുതൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ ക്രമീകരിക്കൽ |
| <u>രക്ഷിതാവ്</u><br>പഠന വിഷയങ്ങളിലുള്ള അറിവി ല്ലായ്മ | ബോധവൽകരണം | |
| <u>സംവിധാനം</u><br>പഠന ബാഹുല്യം | സിലബസ് പരിഷ്കരണം | ബോധവൽക്കരണ ക്ളാസുകൾ |
| രക്ഷിതാക്കളുടെ നിരക്ഷരത | ബോധവൽക്കരണം | ക്ളാസുകൾ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## പ്രശ്ന വിശകലനം ഫോർമാറ്റ് 2

| മേഖല: അക്കാദമികം | | | | |
|---|---|---|---|---|
| പ്രവർത്തനം: 1 പുനഃക്രമീകരണം | | | | |
| ലക്ഷ്യം: നിത്യ ജീവിതത്തിൽ നേരിടേണ്ടി വരുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | | | | |
| ഉപ പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
| പ്രീ-ടെസ്റ്റ് | ക്ലാസ് ടീച്ചർ | ജൂൺ ആദ്യ വാരം | - | - |
| സംഖ്യാകാർഡ് നിർമ്മാണം | ക്ലാസ് ടീച്ചർ | 2 ദിവസം | സ്കൂൾ ഫണ്ട് | പി.ടി.എ |
| അബാക്കസ് നിർമ്മാണം | കുട്ടികൾ, ക്ലാസ് ടീച്ചർ | 2 ദിവസം | സ്കൂൾ ഫണ്ട് | പി.ടി.എ |
| സങ്കലന പട്ടിക ചാർട്ട് | കുട്ടികൾ, ക്ലാസ് ടീച്ചർ | 2 ദിവസം | സ്കൂൾ ഫണ്ട് | പി.ടി.എ |
| പരിഹാര ബോധനം | ക്ലാസ് ടീച്ചർ | ഘട്ടം ഘട്ടമായി | - | - |
| പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | ക്ലാസ് ടീച്ചർ | ഘട്ടം ഘട്ടമായി | - | - |

**അക്കാദമിക മാസ്റ്റർ പ്ലാൻ**

മേഖല : അക്കാമികം

വിഷയം : ഗണിതം

പ്രശ്നം : സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ

**കാഴ്ചപ്പാട്:** സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യാൻ ഓരോ കുട്ടിയേയും പ്രാപ്തരാക്കേണ്ടതുണ്ട് സമയ ദൈർഘ്യം കണ്ടെത്തുന്നതോടൊപ്പം കലണ്ടറുമായി ബന്ധപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കാനും കുട്ടികൾക്ക് കഴിയേണ്ടതുണ്ട്.

**ലക്ഷ്യം :**സമയവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും നിർധാരണം ചെയ്യുന്നതോടൊപ്പം സമയത്തിന്റെ പ്രാധാന്യവും സമയക്ളിപ്തത പാലിച്ച് ജീവിക്കാനുള്ള നൈപുണ്യം നേടിയെടുക്കാനും കുട്ടിയെ പ്രാപ്തരാക്കുക.

**അവസ്ഥ പഠനം:** എല്ലാ കുട്ടികൾക്കും ക്ലോക്ക് നോക്കി സമയം പറയാൻ കഴിയും. സമയ ദൈർഘ്യം കണ്ടെത്താനാണ് പലരും പ്രയാസപ്പെടുന്നത്. കലണ്ടറിൽ തിയ്യതികൾ നോക്കാനും ദിവസം കണ്ടെത്താനും എല്ലാ കുട്ടികൾക്കും കഴിയുന്നുണ്ട്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഫോർമാറ്റ് 1

| മേഖല: അക്കാദമികം വിഷയം ഗണിതം | | |
|---|---|---|
| പ്രശ്നം: സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ | | |
| **കാരണങ്ങൾ** | **പരിഹാര നിർദ്ദേശം** | **പ്രവർത്തനം** |
| <u>കുട്ടി</u><br>സമയം നോക്കാൻ അറിയാമെങ്കിലും സമയ ദൈർഘ്യം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ കൂടുതലായി ചെയ്യുന്നില്ല. | കൂടുതൽ പ്രായോഗിക പ്രശ്നങ്ങൾ നൽകുന്നു. | ക്ലോക്ക് നിർമ്മാണം, സമയ ദൈർഘ്യം ചെയ്തു കണ്ടെത്തൽ |
| <u>ടീച്ചർ</u><br>പഠന ബാഹുല്യം. കുട്ടികൾക്ക് മുന്നറിയിപ്പ് ഇല്ലാതിരിക്കൽ | സിലബസ് പരിഷ്കരണം | മുന്നറിവുകൾ പരിശോധിക്കൽ |
| <u>രക്ഷിതാവ്</u><br>വിഷയങ്ങളിലുള്ള അജ്ഞത | | |
| <u>സംവിധാനം</u><br>പാഠങ്ങളുടെ ആധിക്യം | ബോധവൽക്കരണം | ക്ലാസുകൾ |

| അക്കാദമിക് മാസ്റ്റർ പ്ലാൻ | | | | |
|---|---|---|---|---|
| ഫോർമാറ്റ് 2 | | | | |
| മേഖല: അക്കാദമികം വിഷയം ഗണിതം | | | | |
| പ്രശ്നം: സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ | | | | |
| ലക്ഷ്യം: സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | | | | |
| ഉപ പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
| പ്രീ-ടെസ്റ്റ് | ക്ലാസ് ടീച്ചർ | ജൂൺ ആദ്യ വാരം | – | – |
| ക്ലോക്ക് നിർമ്മാണം | ക്ലാസ് ടീച്ചർ | 2 ആഴ്ച | 500 | പി.ടി.എ |
| സമയം പറയൽ | ക്ലാസ് ടീച്ചർ | 2 ആഴ്ച | – | – |
| പ്രായോഗിക പ്രശ്നങ്ങൾ | ക്ലാസ് ടീച്ചർ | 2 ആഴ്ച | – | – |

പ്രശ്ന വിശകലനം

ഫോർമാറ്റ് - 1

മേഖല : അക്കാദമികം വിഷയം ഇ.വി.എസ്

പ്രശ്നം: പരീക്ഷണക്കുറിപ്പ് തയ്യാറാക്കാൻ കുട്ടികൾക്കുള്ള വിഷമം

കാഴ്ചപ്പാട്:

കൃത്യതയോടൊയും സൂക്ഷമതയോടെയം പരീക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുന്നതിനും ഉപകരണങ്ങൾ കൈകാ ര്യം ചെയ്യുന്നതിനും നിർമിക്കുന്നതിനും മെച്ചപ്പെടുത്തലുകൾ വരുത്തുന്നതിനും സൂക്ഷമതയോടെയുള്ള പ്രകൃതി നിരീക്ഷണത്തിനും കുട്ടിയെ പ്രാപ്തരാക്കുന്നു.

ലക്ഷ്യം പരീക്ഷണങ്ങൾ കൃത്യതയോടും സൂക്ഷമതയോടും ചെയ്ത് കുട്ടികൾ പരീക്ഷണക്കുറിപ്പ് പരിസര പുസ്തകത്തിൽ രേഖപ്പെടുത്തുക

അവസ്ഥാ പഠനം

സ്വന്തമായി പരീക്ഷണ സാമഗ്രികൾ കണ്ടെത്താനും അവ ഉപയോഗപ്പെടുത്താനും കുട്ടികൾക്ക് പരമിതിയുണ്ട്. ഭാഷാ പരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കുറിപ്പ് തയ്യാറാക്കുന്നതിന് വിഷമം നേരിടുന്നു.

കുട്ടി: ഏതൊക്കെ സാമഗ്രികകൾ വേണമെന്ന് കണ്ടെത്താനാകുന്നില്ല. ഗ്രൂപ്പ് പ്രവർത്തനം നടത്തുമ്പോൾ എല്ലാ കുട്ടികളും പങ്കാളികളാകുന്നില്ല. താല്പര്യക്കുറവ് ആശയ രൂപികരണത്തിനും രേഖപ്പെടുത്താനുമുള്ള പ്രയാസം.

ടീച്ചർ : സയൻസ് കോർണറിൽ സാമഗ്രികളുടെ അഭാവം, സ്ഥലപരിമിതി, കുട്ടികളുടെ ബാഹുല്യം, സമയ പരമിതി

രക്ഷിതാവ് : കുട്ടികളെ സഹായിക്കുന്നതിനുള്ള വിഷയത്തിലുള്ള അജ്ഞത, വിവര ശേഖരണത്തിനുള്ള സാമഗ്രികളുടെ അഭാവം

സംവിധാനം പ്രാദേശിക വിഭവങ്ങളുടെ ലഭ്യതക്കുറവ് കാലാവസ്ഥാ വ്യതിയാനം.

വിശകലനകുറിപ്പ് ജിജ്ഞാസ ഉണർത്തുന്നതിലൂടെ പരീക്ഷണങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ കുട്ടികളിൽ ആശയ രൂപികരണം എളുപ്പമാക്കും.

# ഫോർമാറ്റ് 2

## മേഖല അക്കാദമികം

ഉപമേഖല ശാസ്ത്ര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒന്ന് മുതൽ നാലുക്ലാസുകളിലെ പരിസര പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ട മുറപ്പിക്കുന്നതിനും എല്ലാ ക്ലാസ്സിലും ശാസ്ത്ര മൂല ഉറപ്പാക്കൽ | 1. ഒന്നു മുതൽ നാല് വരെ പഠനത്തിന് സഹായ കരമായ ശാസ്ത്ര മൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | ഒക്ടോബർ ആദ്യവാരം | ക്ലാസ് ടീച്ചർ (ഒരേ ക്ലാസ്സിലെ അധ്യാപകരുടെ ടിം) | |
| | 2. തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ ലാബിൽ സൂക്ഷിക്കേണ്ടവ എന്ന് തരം തിരിക്കൽ, ശാസ്ത്ര മൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ ഉറപ്പായും നടത്തേണ്ട പരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി പ്രിന്റ് ചെയ്യൽ | ഒക്ടോബർ 20ന് മുമ്പ് | ക്രോഡീകരണ ചുമതല അധ്യാപകൻ എസ്.ആർ.ജി | ഡി.ടി.പി 20 രൂപ |
| | 3. സാമഗ്രികൾ വാങ്ങൽ | ഒക്ടോബർ | എച്ച്.എം.എസ്./ ആർ.ജി.കൺവീനർ | |
| | 4. പി.ടി.എ യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച അവതരണം | ഒക്ടോബർ 20ന് മുമ്പ് | പി.ടി.എ/എസ്.എം.സി/ എസ്.ആർ.ജി/ എച്ച്.എം | 3000 രൂപ |
| | 5. പരീക്ഷണ സാമഗ്രികളുടെ നിർമാണ ശില്പ ശാല സ്കൂൾ പഠനോപകരണ നിർമാണ ശില്പശാല യുടെ ഭാഗമായി രക്ഷാ കർത്താക്കൾ എസ്. എസ്. ജി അധ്യാപകർ എന്നിവരെ പങ്കെടുപ്പിക്കൽ | | പി.ടി.എ എച്ച്.എം ചുമതലപ്പെടുത്തുന്ന അധ്യാപകർ | |
| | | ഡിസംബർ ആദ്യവാരം | പി.ടി.എ എച്ച്.എം | |

| | | | | |
|---|---|---|---|---|
| | 6. ശാസ്ത്ര മൂലക്ക് ക്രമീകരിക്കാൻ ആവശ്യമായ ക്രമീകരണം. അലൂമിനിയം ഫേബ്രിക്കേഷൻ ഉയയോഗിച്ച് അലമാര | ഡിസംബർ ആദ്യവാരം | എസ്. ആർ ജി , ശാസ്ത്ര താൽപര്യമുളള അധ്യാപകർ | |
| | 7. സ്കൂൾ ലാബ് സജ്ജമാക്കൽ. ക്ളാസ് മുറിയിൽ സൂക്ഷിക്കുവാൻ കഴിയാത്ത സാമിഗ്രികൾ പാഠം ഏത് ക്ളാസിന് ഉപയോഗിക്കാവുന്നവ എന്നിങ്ങനെ ലിസ്റ്റ് തയ്യാറാക്കൽ | ഡിസംബർ | എച്ച്. എം.എസ് ആർ.ജി കൺവീനർ പി.ഇ.സി കൺവീനർ | |
| | 8. പരീക്ഷണ ശിൽപ്പശാല. പഞ്ചായത്തിലെ മറ്റ് അധ്യാപകർക്കും പങ്കെടുക്കാനവസരം ഒന്നു മുതൽ നാല് വരെ ക്ളാസ്സിലെ ചെറുതും വലുതുമായ പരീക്ഷണം ചെയ്ത് പരിശീലിക്കൽ | ഡിസംബർ അവസാന വാരം | ക്ലാസ് അധ്യാപകർ, എച്ച് എം പി.ടി.എ | |
| | 9. ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ക്ളാസ്സ് നിലവാരത്തിനുളളത് വാങ്ങൽ. രക്ഷിതാക്കളെ വായിപ്പിക്കൽ | ഡിസംബർ ഫെബ്രുവരി | | |

## Academic Master Plan

Problem Analysis format

| | |
|---|---|
| Area | : Academic |
| Subject | : English |
| Problem | : Some of our students could not be able to speak and write in English Properly |
| View | : Enable the children to speak in English Fluently |
| Aim | : To Develop the reading and writing skills in children |
| Present condition | Students are not able to speak in English fluently spelling mistakes occurs offenly hack of vocabulary |

## Academic Master Plan

**Problem Analysis Format 1**

| **Aria: Academic** | **subject :English** | |
|---|---|---|
| **Problem 1. To develop the reading and writing skills in children** | | |
| **Reasons** | **Remedies** | **Activities** |
| **Student:** The students are not native English speakers. The chances to hear or to speak in English are vary less. Children face lack of vocabulary | The process of teaching is done with the help of visual media. So that great impact are made in children rhymes and stories are shown to children with visual media. | Spoken English classes |
| **Teacher:** The number of activities which can help the students to reach the learning out comes is less. The standard of the activities doesn't suit the level at the students due to the lack of vocabulary in children teachers finds difficulty in implementing most of the activities | Practicing more number of activities new worlds are thought to children through stories and Rhymes. Practicing different type of vocabulary games arranging competitions in Reading stories singing Rhymes, spelling Games etc. | Practicing vocabulary games, starting with ending words, spelling games, picture Reading |
| **Parents:** Due to the lack of knowledge in English Parents are not able to help their children | Extra case given by teachers and sufficient instructions are given to parents in CPTA to help their children Distributaries helping materials among parents. | Distribution at Dictionaries flash cards sentence cards relating to each lessens |

| Area : Academic | | | | |
|---|---|---|---|---|
| **Aim** | **Activities** | **Period** | **In charge** | **Source of Income** |
| To Develop the Reading and writing skills in children | • Pre test Help in finding the limitations and also the excellence of students | July | English teacher SRG convener | PTA |
| | • Preparation of activity packages in order to overcome the obstruction's that hinder the accomplishment of the aim | July 15 | HM, English Tr SKG convener | |
| | • English Assembly | Weekly twice | Class Teacher | |
| | • Writing Diary in English | Weekly trice | Class Teacher | |
| | • Conducting Programmes about languages on each working Days | Every day | English teacher | |
| | • English class library reading materials including story books picture reading etc | October onwards | H.M, English teacher | PTA 1000/- |
| | • Skit | November December | English teacher | PTA 500/- |
| | • Magazine | March | English teacher | PTA 500/- |

## പ്രവർത്തന കലണ്ടർ

| മാസം | പ്രവർത്തനം |
|---|---|
| ഏപ്രിൽ മെയ് | • സ്കൂളിൽ ലഭ്യമായ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ. പുസ്തകങ്ങളെ ക്ലാസ് നിലവാരമനുസരിച്ച് തരം തിരിക്കൽ.<br>• ഒന്ന് രണ്ട് ക്ലാസ്സുകളിലേക്ക് ആവശ്യമായ പുസ്തകങ്ങൾ ഉറപ്പാക്കൽ<br>• ഇനി ആവശ്യമായ പുസ്തകങ്ങളുടെ കാറ്റലോഗ് തയ്യാറാക്കൽ |
| ജൂൺ | • പ്രവേശനോത്സവ ദിനത്തിൽ ക്ലാസ്സ് പി.ടി.എ അച്ചടിച്ച കുറിപ്പ് വിതരണം ചെയ്യൽ<br>• രക്ഷിതാക്കളുടെ സഹായത്തോടെ ഗണിത ലാബ് ഒരുക്കുന്നു.<br>• പുസ്തകവിതരണം, ക്ലബ്ബുകൾ രൂപീകരണം<br>• പച്ചക്കറിത്തോട്ട നിർമ്മാണ ഉദ്ഘാടനം<br>• പ്രി-ടെസ്റ്റ്, CPTA ദിനാചരണങ്ങൾ (വായനാശീലം, പരിസ്ഥിതി ദിനം) |
| ജൂലൈ | പരീക്ഷണ സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കൽ.<br>പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കേസ് ഹിസ്റ്ററി പഠിക്കൽ, CPTA ബാലസഭ. അടിസ്ഥാനശേഷി ഉറപ്പിക്കുന്നതിനായി മലയാളത്തിളക്കം. ശ്രദ്ധ, ഹലോ ഇംഗ്ലീഷ് എന്നിവ ഏറ്റെടുക്കൽ, ദിനാചരണങ്ങൾ (ചാന്ദ്രദിനം) |
| ആഗസ്റ്റ് | കലാ-കായിക പ്രവൃത്തിപരിചയ പരിശീലനക്ലാസ്സ്, ദിനാചരണങ്ങൾ<br>ബാലസഭ, ക്ലബ്ബ് പ്രവർത്തനങ്ങൾ, ഓണാഘോഷം, ഇംഗ്ലീഷ് അസംബ്ലി CPTA |
| സെപ്തംബർ | മൂല്യനിർണയം - അവലോകനം<br>ദിനാചരണങ്ങൾ - CPTA<br>ബാലസഭാ ക്ലബ്ബ് പ്രവർത്തനങ്ങൾ |
| ഒക്ടോബർ | ദിനാചരണങ്ങൾ, ഫീൽഡ് ട്രിപ്പ്, ക്ലബ്ബ് പ്രവർത്തനം, ബാലസഭാ<br>പച്ചക്കറിത്തോട്ടം വിളവെടുപ്പ് പ്രദർശനങ്ങൾ<br>CPTA |
| നവംബർ | സ്കൂൾ കലാമേള, സ്പോർട്സ്, ദിനാചരണങ്ങൾ, ബാലസഭ |
| ഡിസംബർ | ദിനാചരണങ്ങൾ, CPTA, അർധവാർഷിക പരീക്ഷ |
| ജനുവരി | മൂല്യനിർണ്ണയ അവലോകനം<br>CPTA, ക്ലബ്ബ് പ്രവർത്തനം, പഠനയാത്ര, ദിനാചരണങ്ങൾ |
| ഫെബ്രുവരി | വാർഷികാഘോഷം, CPTA, ക്ലബ്ബ് പ്രവർത്തനങ്ങൾ, സർഗവേള |

# മാസ്റ്റർപ്ലാൻ

[redacted]

mccups kozhikode

ഭാഷ (അറബിക്)

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| | ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.<br><br>കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.<br><br>വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക.<br><br>വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.<br><br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.<br><br>സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക. | 1. മികവിന്റെ വഴിയിൽ<br>► പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>► മുന്നറിവ് പരിശോധിക്കൽ<br>► അക്ഷരങ്ങൾ ഉറപ്പിക്കൽ<br>► വാചകങ്ങൾ നിർമ്മിക്കൽ<br>► ഭാഷാ കളികൾ | 2 months | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | | 2. വായനാവസന്തം<br>► വായന മത്സരം<br>► ക്ലാസ് ലൈബ്രറി<br>► സ്കൂൾ ലൈബ്രറി<br>► വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>► വായന കുറിപ്പുകൾ<br>► അറബിക് പത്രവായന /റേഡിയോ | 6 months | പത്രങ്ങൾ, മാസികകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി | BRC<br>LSG<br>SMC<br>PTA<br>OSF |
| | | 3. എഴുത്തുത്സവം<br>► എഴുത്തുകൂട്ടം<br>► പതിപ്പുകളുടെ നിർമാണം<br>► വായന കുറിപ്പ് ശേഖരണം<br>► ഇൻലന്റ് മാഗസിൻ<br>► ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>► ഭാഷാ കളികൾ | 12 months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>BRC<br>DIET |
| | | 4. അറബിക് കമ്മ്യൂണിക്കേഷൻ.<br>► ആശയ വിനിമയ വേദി ക്ലാസ്തലം, സ്കൂൾതലം<br>► മൊബൈൽ ലിസണിങ്,സ്പീക്കിങ്<br>► യാത്രകൾ<br>► അറബിക് മേള ( നാടകം ,മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>► ഭാഷ കളികൾ അറബിക് അസംബ്ലി<br>► ഭാഷാ പ്രദർശനം<br>► ഭാഷാ ക്യാമ്പ് | 24 months | ഐ ടി സി, പുസ്തകങ്ങൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | | 5. ലാംഗ്വേജ് ലാബ്<br>► സ്മാർട്ട് ക്ലാസ്റൂം.<br>► അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>► ചിത്രീകരണങ്ങൾ<br>► സിനിമ<br>► ആനിമേഷൻ<br>► സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | 36 months | | BRC<br>LSG<br>SMC<br>OSF |

# അക്കാദമിക് പ്ലാൻ- അറബിക്

M.C.C[redacted]PS [redacted] KOZHIKODE

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | **അറബിക് മധുരം:**<br><br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | **എഴുത്ത്, വായന:**<br><br>* ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പൈന്റിൽ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക<br><br>* ഓരോ കുട്ടികൾക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗൈമുകൾ നല്കുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗൈമിലൂടെ ആസ്വധിച്ച് അക്ഷരങ്ങൾ പഠിക്കുന്നു<br>* പ്രത്യേകം തെയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് ''അറബിക് മധുരം'' ക്ലാസ് നല്കുക | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ<br><br>ടാബ് | ബി.ആർ.സി<br><br>ഡയറ്റ്<br><br>പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| 2 | **വായനാ ലോകം**<br><br>ലക്ഷ്യം:<br><br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br><br>* നല്ല വായനക്കാരനാക്കുക | **1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)**<br><br>പുസ്തകങ്ങൾ:<br><br>* ചിത്ര കഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>* അറബിക് ക്വിസ്<br><br>**2. ക്ലാസ്സ് വായന:**<br><br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br><br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br><br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക | 6 മാസം | സ്കൂൾ ലൈബ്രറി<br><br>ക്ലാസ്സ് ലൈബ്രറി<br><br>പുസ്തകങ്ങൾ | **സമാഹരണം:**<br><br>• അറബിക് അദ്ധ്യാപകർ<br>• റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അദ്ധ്യാപകർ<br>• ഭാഷാ സ്നേഹികൾ<br>• നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>• സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>• സർക്കാർ ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| 3 | **ആസ്വാദന ലോകം** | **1. ആസ്വാദന സഭ:**<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ ചേരുക<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം<br><br>**2. കാഴ്ചയും കേൾവിയും:** നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>**ഉദാഹരണം:** ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>എൽ.സി.ഡി<br><br>കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| 4 | അനുഭവ ലോകം<br><br>(അറബിക് ലാംഗ്വേജ് ലാബ്) | വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ്, അതിനാൽ അറബി ഭാഷാ പഠനത്തിനു ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br><br>* തനതായ അറബി ഭാഷാ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.<br><br>* ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ)/ എൽ.സി.ഡി. പ്രോജക്റ്ററിന്റെ സഹായത്തോടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/ പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം | 1 മാസം | എൽ.സി.ഡി<br><br>കമ്പ്യൂട്ടർ<br><br>ലാംഗ്വേജ് ലാബ് | |
| 5 | പദപരിചയം<br><br>ലക്ഷ്യം: അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ | ഒരു പദം പരിചയപ്പെടൽ:<br><br>അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ | 1 വർഷം | മൈക്ക് | |

| | | | | | |
|---|---|---|---|---|---|
| | | പ്രാർത്ഥനക്കു ശേഷം മുതിർന്ന ക്ലാസ്സിലെ ഒരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br><br>ക്ലാസ്സ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br><br>പ്രസ്തുത പദം അറബിക് നോട്ടിസ് ബോർഡിൽ പതിക്കുക..<br><br>എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br><br>മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു | | | |
| 6 | **അറബിക് അസംബ്ലി** | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക<br><br>ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക<br><br>പുസ്തകം പരിചയപ്പെടുത്തൽ<br><br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | | | |
| 7 | അറബിക് ഫെസ്റ്റ് | അറബിക് ദിനത്തിലോ അല്ലാതെയോ ഒരു ഫുൾ ഡേ/ ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക<br><br>**കാര്യപരിപാടികൾ:**<br>• ഉദ്ഘാടനം<br>• ആദരിക്കൽ (ഇത് വരെ സ്കൂളില നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br>• മികച്ച അറബിക് കലാ അവതരണം<br>• തെരഞ്ഞെടുത്ത അറബിക് കവി/സാഹിത്യകാരൻ/ പണ്ഡിതൻ പങ്കെടുപ്പിക്കൽ ആദരിക്കൽ | | സ്കൂൾ ഹാൾ<br><br>പുസ്തകങ്ങൾ<br><br>സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | • തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ ആനിമേഷൻ പ്രദർശനം<br>• അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരി പഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി) | | | |
| 8 | സ്കൂൾ വാർഷികം | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ ചിത്രീകരണം/ മോണോ ആക്റ്റ്/ വാർത്ത വായന തുടങ്ങിയ ഇനങ്ങൾ പ്രാക്റ്റീസ് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br>ഭാഷാ സ്നേഹികൾ<br>അറബി ഭാഷാ പഠിതാക്കൾ |
| 9 | നല്ല എഴുത്ത്<br>ലക്ഷ്യം:<br>കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | * അറബി ഭാഷയിലെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖ്, രിഖ്അ) എഴുത്തുകളാണ്.<br>* ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നല്കി പരിശീലനം നല്കൽ | 1 വർഷം | പുസ്തകങ്ങൾ | |

| | | | | |
|---|---|---|---|---|
| | | * വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക<br><br>* ചുമർ പത്രിക | | |
| 10 | ഡിജിറ്റൽ ലോകം<br><br>ലക്ഷ്യം:<br>• എല്ലാ കുട്ടികൾക്കും പ്രൈമറി പഠനം കഴിയും മുമ്പ് അറബിക് കീ ബോർഡ് പഠിക്കൽ<br>• പവർ പോയന്റ് പരിജയപ്പെടൽ | ഈ കാല്ഘട്ടത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസ്സിൽ നിന്നു തന്നെ കുട്ടികൾ കീ ബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവു നേടുകയും ചെയ്യണം.<br><br>* ആഴ്ചയിൽ ഒരു സമയത്ത് കുട്ടികൾക്ക് ടൈപ്പിംഗ് പഠിക്കാൻ അവസരമൊരുക്കുക<br><br>* ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ പി.പി.ടി കൾ ഉണ്ടാക്കാൻ പരിചയപ്പെടുക | 1 വർഷം | |
| 11 | എഴുത്തിന്റെ ലോകം: | • ക്ലാസ്സ് മാസിക നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം<br>• വായനാ കാർഡ് നിർമ്മാണം | | ചാർട്ട്<br><br>കളർ |

| | | | | | |
|---|---|---|---|---|---|
| | | (മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി (A4)സൈസിൽ വൃത്തിയായി എഴുതി കളർ നല്കി ലാമിനേഷൻ ചെയ്ത വായനാ കാർഡ് നിർമ്മിക്കുക | | | |
| 12 | മത്സരങ്ങളുടെ ലോകം: | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിക്കുന്നതിന (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക, ഉദാഹരണം:<br>1. ക്വിസ്<br>2. പദ നിർമ്മാണം<br>3. കഥ പറയൽ<br>4. കവിത ചൊല്ലൽ<br>5. പദപ്രശ്നം<br>6. കളറിങ്ങ്<br>7. മെമ്മറി ടെസ്റ്റ്<br>8. ഗദ്യ വായന<br>9. ആംഗ്യ ഗാനം<br>10. ഖുർആൻ പാരായണം<br>11. പദപ്പയറ്റ്<br>12. പസിൾസ് | | | |
| 13 | ദിനാചരണങ്ങൾ: | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അദ്ധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു<br>• നേരത്തെ | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | നിശ്ചയിച്ചതനുസരിച്ച്<br>ഓരോ ദിനങ്ങൾക്കുമുള്ള<br>പോസ്റ്ററുകൾ<br>നിർമ്മിക്കുന്നു<br>(ഗ്രൂപ്പ് പ്രവർത്തനം) | | | |